## കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലെ വാഹനപകടങ്ങൾ ഒഴിവാക്കുന്നതിനായി ഗതാഗതക്രമീകരണം ഏർപ്പെടുത്തി.

13.01.2017 തീയതി ആലുവ കെ.എസ്.ആർ.ടി.സി ബസ്സ്സ്റ്റാൻഡിൽവച്ചുണ്ടായ അപകടത്തിൽ പിഞ്ചുകുഞ്ഞ് മരണപ്പെടാൻ ഇടയായ സംഭവത്തെ തുടർന്ന് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബഹു.പറവൂർ പോലീസ് ഇൻസ്പെക്ടർ ശ്രീ. ക്രിസ്പിൻ സാം , ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ശ്രീ. വി,എം.കേഴ്സൺ, ആലുവ ട്രാഫിക് യൂണിറ്റ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. സോണി മത്തായി എന്നിവരുടെ നേതൃത്വത്തിൽ ആലുവ കെ.എസ്.ആർ.ടി.സി സ്റ്റാൻഡിൽ വെച്ച് ഇന്ന് (14.01.2017) കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ യോഗം വിളിച്ച് ചേർത്തു.

പ്രസ്തുത യോഗത്തിൽ കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലെ വാഹനങ്ങളുടെ ഗതാഗതവും ക്രമീകരണവും പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ വിധത്തിൽ ഏർപ്പെടുത്തുന്നതിന് ചർച്ചകൾ നടത്തുകയും, ആയതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി സ്റ്റാൻഡിൽ കയറി പോകുന്ന ദീർഘ ദൂര വാഹനങ്ങൾക്ക് സ്റ്റാൻഡിലെ കിഴക്ക് ഭാഗത്തേക്ക് മാറി യാത്രക്കാർക്ക് സൗകര്യപ്രദമായ വിധത്തിൽ ബസ്സുകളിൽ കയറി ഇറങ്ങുന്നതിന് ഒരു ബസ്സ് സ്റ്റോപ്പ് ആരംഭിക്കുന്നതിനും, സ്റ്റാൻഡിൻെറ ഇരുവശങ്ങളിലേക്കുമായി മുൻകൂട്ടി നിശ്ചയിക്കപ്പെടുന്ന പ്രകാരമുള്ള സ്ഥലങ്ങളിലേയ്ക്ക് വാഹനങ്ങൾ പ്രത്യേകം പ്രത്യേകമായി യാത്രക്കാർക്ക് സൗകര്യപ്രദമായ വിധത്തിൽ പാർക്ക് ചെയ്യുന്നതിനും, ബസ്സ് സ്റ്റാൻഡിൻെറ മദ്ധ്യഭാഗത്ത് ബസ്സുകളിൽ നിന്നും യാത്രക്കാരെ കയറ്റി ഇറക്കുന്നത് ഒഴിവാക്കുന്നതിനും, സ്റ്റാൻഡിൻെറ മദ്ധ്യഭാഗത്തായി ജനങ്ങൾ ബസ്സ് കാത്ത് അപകടകരമായി നിലയുറപ്പിക്കുന്നത് ഒഴിവാക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നതിനും ആയത് ഇന്ന് ( 14.01.2017 ) മുതൽ പ്രാബല്യത്തിൽ വരുത്തുവാനും തീരുമാനിച്ചു.